LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013 ജൂലൈ 31 വരെ 18.77 ലക്ഷം അപേക്ഷകൾ ലഭിക്കുകയും 17.45 ലക്ഷം അപേക്ഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകർക്ക് 'അഗ്രി കാർഡ്' വിതരണം ചെയ്യുന്നതിന് കാനറ ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് തയ്യാറാക്കിയ അപേക്ഷാ ഫോറം സംസ്ഥാനത്തെ വിവിധ കൃഷിഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും കർഷകരുടെ വ്യക്തിഗത വിവരങ്ങളോടൊപ്പം കാർഷിക ഭൂമിയുടെ വിസ്തൃതി, വിളകളുടെ വിവരങ്ങൾ തുടങ്ങിയവ കർഷകർതന്നെ രേഖപ്പെടുത്തിയത് ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ലഭ്യമായ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായതിനു ശേഷം ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഹൈടെക് കൃഷി രീതി

172 (3456) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഹൈടെക് കൃഷി രീതി നടപ്പാക്കിത്തുടങ്ങി രണ്ടു വർഷം കഴിഞ്ഞിരിക്കെ ഇത് സംസ്ഥാനത്തെ കാർഷികോല്പന്ന രംഗത്ത് എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറികൾ ഇത്തരം ഹൈടെക് കൃഷി രീതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ ;

(സി) മുതൽമുടക്കിനനുസൃതമായുള്ള വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ കേരള കാർഷിക സർവ്വകലാശാലയുടെ കർഷക സാന്ത്വന ടീം നടത്തിയിട്ടുണ്ട്. കേരളത്തിലെ ദക്ഷിണ മേഖലയിലെ പോളീഹൗസുകളുടെ വിലയിരുത്തൽ നടത്തിയതിൽനിന്നും പോളീഹൗസിന്റെ നിർമ്മാണത്തിലും പ്രവർത്തനത്തിലുമുള്ള അപാകതകൾ കണ്ടുപിടിക്കുകയും അതിനെ അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തികരിച്ച പോളീഹൗസുകളിലെ അപാകതകൾ പരിഹരിച്ച് വരുന്നു. മാത്രവുമല്ല നിലവിൽ നിർമ്മാണത്തിലുള്ള പോളീഹൗസുകൾ ഈ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. വാഴ, പച്ചക്കറി എന്നിവയിലാണ് ഹൈടെക് കൃഷി നടപ്പിലാക്കിയത്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം കൗൺസിലിന് 2012-13 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈടെക് കൃഷി ഉല്പാദിപ്പിക്കാവുന്ന വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ലവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയവയുടെ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോളീഹൗസുകളിൽ കീടാക്രമണം താരതമ്യേന കുറവായതിനാൽ ഇവയിൽ പരിമിതമായേ കീടനാശിനികൾ ഉപയോഗിക്കുന്നുള്ളൂ. ആയതിനാൽതന്നെ വിപണിയിൽ ലഭിക്കുന്ന ഇതേ ഇനം വിളകളെക്കാൾ മികച്ച വില പോളീഹൗസ് ഉല്പന്നങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇതിലൂടെ ഹൈടെക് കർഷകർക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്.

കൂടാതെ ഹൈബ്രിഡ് ഇനങ്ങളുടെ കൃഷി, കൃത്യമായ വിള നിരീക്ഷണം, ഫെർട്ടിഗേഷൻ രീതിയിലുള്ള വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയിലൂടെയും ഉല്പാദനവും ഉല്പാദനക്ഷമതയും ഇരട്ടിയിലധികം വർദ്ധിക്കുന്നതായി കണ്ടിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും ഉല്പാദിപ്പിക്കാൻ ആവശ്യമായ ഹൈടെക് കൃഷി കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലില്ല.

(സി) മുതൽമുടക്കിനനുസൃതമായ വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന

കർഷകർക്ക് ലഭ്യമാകുന്നുണ്ട്. 600 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു പോളീഹൗസിൽ നിന്നും 45,000 രൂപ മുതൽമുടക്കിൽ സലാഡ് വെള്ളരി കൃഷി ചെയ്യ കർഷകന് 3.20 ലക്ഷം രൂപ ലഭിക്കുന്നുണ്ട്. അതുപോലെ 56,000 രൂപ മുതൽ മുടക്കിൽ കൃഷി ചെയ്യുന്ന പയറിൽ നിന്നും 2 ലക്ഷം രൂപയും 16,000 രൂപ മുതൽമുടക്കുള്ള ക്യാപ്സിക്കത്തിൽനിന്നും 7.10 ലക്ഷം രൂപ വരുമാനവും കർഷകർക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഹൈടെക് കൃഷിയിൽ ഏർപ്പെട്ട മിക്ക കർഷകരും മികച്ച വരുമാനം നേടി ചുരുങ്ങിയ സമയം കൊണ്ട് ബാധ്യതകൾ തീർത്ത് കൃഷി ലാഭകരമാക്കുന്നുണ്ട്.

ഭക്ഷ്യ സുരക്ഷ

173 (T *3457) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇവ കൂടുതൽ ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കാമോ ;

(സി) ഭക്ഷ്യ ഉത്പാദനം , സംഭരണം, സൂക്ഷിപ്പ് എന്നിവ ശക്തിപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന കാർഷിക വികസന പദ്ധതികൾ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. ഇതിൽ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും അതോടൊപ്പം അവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരവും കേന്ദ്രസഹായത്തോടെയും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന കൃഷി വകുപ്പ് നെൽകൃഷി വികസനത്തിനായി വിവിധ ഉല്പാദനോപാധികൾ (വിത്ത്, വളം, കീട/കളനാശിനി

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly